(ബി) എൻ. ഇ. എസ്. ബ്ലോക്കുകളായവുന്നതുകൊണ്ടുള്ള മെച്ചം എന്തു് ;

(സി) എസ്റ്റാബ്ലിഷ്മെൻറ് ചെലവു് കുറഞ്ഞു കിട്ടുമോ :

(ഡി) കമ്മ്യൂണിറ്റി പ്രോജക്ടുകളിലും എൻ. ഇ. എസ്. ബ്ലോക്കുകളിലും ചെലവാക്കുന്ന പണം തികച്ചും ഫലപ്രദമാണെന്നു് ഗവണ്മെൻറ് കരുതുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) തീരുമാനിച്ചിട്ടില്ല. അതിനെപ്പറ്റി ആലോചിക്കുന്നുണ്ടു്.

(ബി) പ്രോജക്ടിനുള്ളിൽ പെട്ടുകിടക്കുന്നുവെങ്കിലും വേണ്ടത്ര അഭിവൃദ്ധിപ്പെട്ടിട്ടില്ലാത്ത പ്രദേശങ്ങൾ പ്രത്യേകം ബ്ലോക്കായി തിരിച്ചെടുത്താൽ കൂടുതൽ ശ്രദ്ധ ചെലുത്തുവാൻ സാധിക്കും.

(സി) ഈ കാര്യവും ആലോചിക്കുന്നുണ്ടു്.

(ഡി) ഉണ്ടു്.

ആശുപത്രികളിൽ മരുന്നു കിട്ടുന്നില്ലെന്നുള്ള പരാതി.

* 349. [44] ശ്രീ. ഡി. വിവേകാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശുപത്രികളിലും, ഡിസ്പെൻസറികളിലും ആവശ്യത്തിനു് മരുന്നു കിട്ടുന്നില്ലെന്നുള്ള പരാതിക്കു് ഒട്ടെങ്കിലും കുറവു വന്നിട്ടുള്ളതായി ഗവണ്മെൻറിനു് ബോദ്ധ്യമുണ്ടോ ;

(ബി) നെയ്യാറ്റിൻകര ആശുപത്രിയിൽ ഒരു മാസത്തേക്കു് ആകെ എത്ര രൂപയുടെ മരുന്നു കൊടുക്കുന്നു ;

(സി) എത്ര രോഗികളെ പ്രതിമാസം അവിടെ ചികിത്സിക്കുന്നു;

(ഡി) കുത്തിവെക്കാനുള്ള മരുന്നിനോടൊപ്പം ഇഞ്ചക്ഷൻ ഫീഡ്‌ലുംകൂടി വാങ്ങിക്കൊണ്ടുചെല്ലാൻ അവിടെ രോഗികളോടു് ആവശ്യപ്പെടുന്നതായി ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) നെയ്യാറ്റിൻകര ആശുപത്രിയിൽ ആകെ എത്ര കിടക്കയുണ്ടു്? എത്ര രോഗികളെ അവിടെ കിടത്തി ചികിത്സിക്കാറുണ്ടു് ;

(എഫ്) 1955 ജൂൺ 15–ാം തീയതി അവിടെ ചികിത്സക്കായി കിടന്ന രോഗികളുടെ എണ്ണമെത്ര ;

(ജി) അവിടത്തെ ചികിത്സാസൗകര്യം വർദ്ധിപ്പിക്കാൻ ഗവണ്മെൻറ് എന്തെല്ലാം ചെയ്യാൻ ഉദ്ദേശിക്കുന്നു ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) പരാതികൾക്കു് കുറവു വന്നിട്ടുണ്ടു്.

(ബി) ശരാശരി 1267 രൂപക്കു്.

(സി) In-patients—3205
Out-patients—15601
ആകെ 18806.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ല.

(ഇ) ആകെ 68 ക്ലിനിക്കുകളുണ്ട്. ശരാശരി 107 രോഗികളെ അവിടെനിന്ന് ചികിത്സിക്കാറുണ്ട്.

(എഫ്) 109.

(ജി) ഇരുപതു കിടക്കകളുള്ള ഒരു കെട്ടിടവും, ഒരു തിയേറ്ററും പുതുതായി പണിയുന്നുണ്ട്. പതിനാറു കിടക്കകളുള്ള മലേറിയ ഷെഡ്ഡും പുതുക്കി പണിയുന്നു.

ഉപഷാപ്പുകൾ.

* 350. [47] ശ്രീ. എ. സി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ സംസ്ഥാനത്തു ഉപഷാപ്പുകൾ നടന്നുവരുന്നതായി പരാതികൾ ലഭിച്ചിട്ടില്ലേ ;

(ബി) തൊടുപുഴ താലൂക്കിൽനിന്നും ഇതിനകം എത്ര പരാതികൾ കിട്ടിട്ടുണ്ട്; എന്തു നടപടികൾ എടുത്തു ;

(സി) ഇപ്പോഴും നടന്നുവരുന്ന ഈ പ്രസ്ഥാനത്തിൽ ഒരുവിധി വരുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ചോദ്യത്തിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരം, ഏതു കാലത്തേക്കാണെന്ന് വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ ഉത്തരം പറയാൻ നിവൃത്തിയില്ല.

(സി) ഗവണ്മെൻറിലേക്ക് കിട്ടിയിട്ടുള്ള അറിവ് ഇപ്പോൾ ഉപഷാപ്പുകൾ നടക്കുന്നില്ലെന്നാണ്. ഇതിനു വേണ്ട നടപടികൾ ഡിപ്പാർട്ടുമെൻറിൽനിന്നും എടുത്തിട്ടുണ്ട്.

മിനിമം വേജസ്.

* 351. [49] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടാർ തൊഴിലാളികളുടെ മിനിമം വേജസ് ഗവണ്മെൻറിൽനിന്ന് പ്രഖ്യാപിച്ചിട്ട് ആഗസ്റ്റ് മാസമായപ്പോഴേക്കും എത്ര മാസമായി;

(ബി) ഇതിനകം ഈ പ്രഖ്യാപനം നടപ്പിലാക്കുന്നതിനു ഗവണ്മെൻറിൽനിന്നു എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ;

(സി) ആകെയുള്ള മോട്ടാർ തൊഴിലാളികളിൽ എത്ര ശതമാനത്തിനു ഇതിനകം മിനിമംവേജസ് ലഭിച്ചിട്ടുണ്ട് ;

(ഡി) ബാക്കിയുള്ളവർക്കുകൂടി ലഭിക്കുന്നതിനു ഗവണ്മെൻറിൽനിന്നു എന്തുനടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ?

LIBRARY ARCHIVES Kerala Legislative Assembly